2024
APRIL
12
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## വിവരാവകാശ നിയമ പ്രകാരം ഇലക്ടറൽ ബോണ്ട് വിവരങ്ങൾ വെളിപ്പെടുത്താനാവില്ല: എസ്ബിഐ

**ന്യൂഡൽഹി:** ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകാൻ സാധിക്കില്ലെന്ന് എസ്ബിഐ. വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുന്നതിനാലാണ് ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാൻ സാധിക്കില്ലെന്ന് എസ്ബിഐ വ്യക്തമാക്കിയത്.

സുപ്രീംകോടതിയുടെ നിർദേശത്തെ തുടർന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക വെബ്സൈറ്റിൽ ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇത് പൊതുജനങ്ങൾക്ക് ലഭ്യമാണെന്നും എസ്ബിഐ പറഞ്ഞു.

വിവരാവകാശ പ്രവർത്തകനായ ലോകേഷ് ബാത്രയാണ് ബോണ്ടിൻറെ വിവരങ്ങൾ ആവശ്യപ്പെട്ട് എസ്ബിഐയെ സമീപിച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ മാതൃകയിൽ ബോണ്ട് സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ നൽകണമെന്നായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്.

# ഹൈക്കോടതി അനുവദിച്ചു, വിഷുച്ചന്തകൾ ഇന്ന് മുതൽ

**കൊച്ചി/തിരുവനന്തപുരം:** ഹൈക്കോടതി അനുമതിയായതോടെ കൺസ്യൂമർ ഫെഡിന്റെ 256 വിഷുചന്തകൾ ഇന്ന് തുറക്കും. 13 ഇനം സബ്സിഡി സാധനങ്ങൾ ലഭിക്കും. ഈമാസം 19 വരെ പ്രവർത്തിക്കും. എല്ലാ കാർഡുകാർക്കും വാങ്ങാം. പെരുമാറ്റച്ചട്ടം ചൂണ്ടിക്കാട്ടി തിരഞ്ഞെടുപ്പു കമ്മിഷൻ ഏർപ്പെടുത്തിയ വിലക്ക് ഇന്നലെ ഹൈക്കോടതി റദ്ദാക്കുകയായിരുന്നു. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞനിരക്കിൽ നൽകി സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനെ തടയരുതെന്ന് നിർദ്ദേശിച്ചായിരുന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവ്.സർക്കാർ സബ്സിഡിയോടെ റംസാൻ വിഷുച്ചന്ത തുറക്കുന്നതാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ നേരത്തേ തടഞ്ഞത്. ഇതിനെതിരെ കൺസ്യൂമർഫെഡാണ് കോടതിയെ സമീപിച്ചത്.179 ത്രിവേണി സ്റ്റോറുകളിലും 77 താലൂക്കുകളിലെ ഓരോ പ്രധാന സഹകരണ സംഘങ്ങളിലുമാണ് ആദ്യം ചന്ത തുടങ്ങുന്നത്. സപ്ലൈകോയിലെ സബ്സിഡി നിരക്കിലാണ് വിഷുച്ചന്തകളിലും വിൽക്കുക. കൂടാതെ ത്രിവേണി സ്റ്റോറുകളിലുള്ള മറ്റ് സാധനങ്ങളും 10



30 ശതമാനം വിലക്കുറവിൽ ലഭിക്കും.സബ്സിഡി സാധനങ്ങൾ സ്റ്റോക്കുണ്ടെന്ന് കൺസ്യൂമർഫെഡ് എം.ഡി എം.സലീം പറഞ്ഞു. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പു തന്നെ ഇ ടെൻഡർ വഴി 17 കോടിയുടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്തിരുന്നു.

കോടതി വിധി ആശ്വാസകരം. മുൻപ് അനുമതി നൽകിയ കമ്മിഷനാണ് ഇത്തവണ നിഷേധിച്ചത് വി.എൻ.വാസവൻ,സഹകരണ മന്ത്രിരാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗം പാടില്ലസബ്സിഡിക്കായി സർക്കാർ നീക്കിവച്ച അഞ്ച് കോടി രൂപ തിരഞ്ഞെടുപ്പ് കഴിയുംവരെ അനുവദിക്കാൻ പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.

വിഷുച്ചന്തയെ രാഷ്ട്രീയനേട്ടത്തിന് ഉപയോഗിക്കരുത്. രാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗം ചെയ്താൽ കമ്മിഷന് ഇടപെടാം. സർക്കാർ സബ്സിഡിയോടെ ഈ ഘട്ടത്തിൽ ചന്തകൾ തുടങ്ങുന്നത് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനമാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷന് വേണ്ടി അഡ്വ. ദീപുലാൽ മോഹൻ വാദിച്ചു.

# കൊടുംചൂട്; 12 ജില്ലകളിൽ ഇന്ന് യെലോ അലർട്ട്

**തിരുവനന്തപുരം** താപനില 40 ഡിഗ്രി സെൽഷ്യസോടടുത്തതോടെ കേരളം രാപകൽ തീച്ചൂളയിൽ. കുറഞ്ഞ താപനില പോലും 30 ഡിഗ്രി സെൽഷ്യസിനടുത്താണ്. രാവിലെ 11 മുതലുള്ള വെയിൽ നേരിട്ട് ഏൽക്കരുതെന്നാണ് ഔദ്യോഗിക മുന്നറിയിപ്പെങ്കിലും രാവിലെ 9 മുതൽ തന്നെ പുറത്തിറങ്ങാതിരിക്കുന്നതാണു നല്ലതെന്ന് ആരോഗ്യ കാലാവസ്ഥാ വിദഗ്ധർ പറയുന്നു.

പകൽ 12 മുതൽ 3 വരെ കൃഷിപ്പണി ഒഴിവാക്കണമെന്നും ഈ സമയത്ത് രാസകീടനാശിനികൾ പ്രയോഗിക്കരുതെന്നും കേരള കാർഷിക സർവകലാശാല നിർദേശിച്ചു. ചൂട് കുറയാൻ മേയ് പകുതി വരെയെങ്കിലും കാത്തിരിക്കണം.

ഇടുക്കിയും വയനാടും ഒഴികെ 12 ജില്ലകളിലും ഇന്ന് യെലോ അലർട്ട് പ്രഖ്യാപിച്ചു. മിക്ക ജില്ലകളിലും വരുംദിവസങ്ങളിൽ താപനില പതിവിലും 2,4 ഡിഗ്രി കൂടുമെന്നാണ് മുന്നറിയിപ്പ്. പാലക്കാട്, തൃശൂർ ജില്ല



കളിലാണ് ഏറ്റവും കടുത്ത മുന്നറിയിപ്പ്. ഇന്നുമുതൽ കൂടുതൽ വേനൽമഴയ്ക്കു സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിദഗ്ധർ പറയുന്നു. വടക്കൻ ജില്ലകളിലും മഴയ്ക്കു സാധ്യതയുണ്ട്.

സംസ്ഥാനത്ത് വരൾച്ചയെത്തുടർന്ന് 40 കോടി രൂപയുടെ കൃഷിനാശം. ജനുവരി 1 മുതൽ കഴിഞ്ഞയാഴ്ച വരെയുള്ള കണക്കാണിത്. ഏഴായിരത്തോളം കർഷകരുടെ 2600 ഹെക്ടർ കൃഷി നശിച്ചു. പാലക്കാട് ജില്ലയിലാണ് കൂടുതൽ നാശം. ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ചു കൃഷിയിടങ്ങളിൽ പുതയിടണമെന്നു കേരള കാർഷിക സർവകലാശാല നിർദേശിക്കുന്നു.

അണക്കെട്ടുകളിലും നദികളിലും ജലനിരപ്പ് താഴുന്നതിനൊപ്പം കിണറുകളും വറ്റിത്തുടങ്ങി. ഇടുക്കി അണക്കെട്ടിൽ 41.28% വെള്ളം മാത്രം. കെഎസ്ഇബിയുടെ 17 അണക്കെട്ടുകളിൽ പതിനൊന്നിലും ജലസേചന വകുപ്പിന്റെ 20 അണക്കെട്ടുകളിൽ പതിനാലിലും പകുതിയിൽ താഴെ വെള്ളമേയുള്ളൂ.

ആറുകൾ പലഭാഗത്തും വറ്റിവരണ്ടതോടെ ജല അതോറിറ്റിയുടെ ചില പമ്പിങ് സ്റ്റേഷനുകൾ പ്രവർത്തനം നിർത്തി. പെരിയാർ, ഭാരതപ്പുഴ, ചാലിയാർ എന്നിവയിൽ നീരൊഴുക്ക് വൻതോതിൽ കുറഞ്ഞു. പമ്പ, മണിമലയാർ, മീനച്ചിലാർ എന്നിവ കൂടുതൽ ഇടങ്ങളിലും വറ്റിക്കഴിഞ്ഞു.





വിഎച്ച്പി ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി  മിലിന്ദ് പരാന്തെ എറണാകുളം പാവക്കുളത്തെ വിശ്വഹിന്ദു പരിഷത്ത് കേരള ഘടകം ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു. ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ സമീപം

# സിഎഎ കേരളത്തിലും നടപ്പിലാക്കും: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** കേരളത്തിൽ സിഎഎ നടപ്പാക്കില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തിരഞ്ഞെടുപ്പിൽ മുസ്ലിംകളെ കൂടെ നിർത്താനുള്ള തന്ത്രമാണെന്ന് വിശ്വഹിന്ദു പരിഷത്ത് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി മിലിന്ദ് പരാന്തെ.എറണാകുളത്തെ വിഎച്ച്പി ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിഎഎ രാജ്യത്തെ പൗരത്വവുമായി ബന്ധപ്പെട്ടതാണ്. ഇത് നടപ്പാക്കുന്നത് പൂർണ്ണമായും കേന്ദ്രസർക്കാരാണ്. അത് തങ്ങൾ നടപ്പാക്കില്ലെന്ന് പറയാൻ സംസ്ഥാന സർക്കാരിന് അവകാശമില്ല. വിഷയത്തിൽ സംസ്ഥാന സർക്കാരിന് യാതൊരു റോളുമില്ല എന്നതാണ് വാസ്തവം. ഇത് മറച്ചു വെച്ചുകൊണ്ട് കേരളത്തിൽ സിഎഎ നടപ്പിലാക്കില്ലെന്ന മുഖമന്ത്രിയുടെ പ്രസ്താവന മുസ് ലിം സമൂഹത്തിന്റെ പ്രീതി നേടാനാണ്. സിഎഎ ഇന്ത്യയിലുള്ള ആരുടെയും പൗരത്വം ഇല്ലാതാക്കാനുള്ളതല്ല മറിച്ച് പൗരത്വം നൽകാനുള്ളതാണ്.അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ,ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലുള്ള ഹിന്ദുക്കൾ മതപരമായ കടുത്ത വിവേചനവും ആക്രമണങ്ങളുമാണ്  അവിടെ നേരിടുന്നത്. ഇവരെ ഇന്ത്യയിലെത്തിച്ച് പൗരത്വം നൽകുകയെന്നതാണ് സിഎഎയ്ക്ക് പിന്നിലുള്ള ലക്ഷ്യം. ഇതിനുള്ള വലിയ പരിശ്രമമാണ് വിശ്വഹിന്ദു പരിഷത്ത് നടത്തിവരുന്നത്. സിഎഎ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് ആരംഭിച്ചു കഴിഞ്ഞുവെന്നും മിലിന്ദ് പരാന്തെ പറഞ്ഞു. രാജ്യത്തെ ക്ഷേത്രങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കണം. ക്ഷേത്രങ്ങളിൽ ലഭിക്കുന്ന പണം ക്ഷേത്രങ്ങളുടെ ഉന്നമനത്തിനാവണം ചിലവഴിക്കേണ്ടത്. വിശ്വാസികൾ ക്ഷേത്രങ്ങൾക്ക് സംഭാവന നൽകുന്നത് വിശ്വാസത്തിന്റെ ഭാഗമായിട്ടാണ്. ഇത് ഒരിക്കലും സർക്കാർ പദ്ധതികൾക്ക് ചിലവഴിക്കാൻ പാടില്ലെന്നും മിലിന്ദ് പരാന്തെ പറഞ്ഞു. ക്ഷേത്രങ്ങളെ സർക്കാർ നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ജഡ്ജിമാർ,സുപ്രിം കോടതി അഭിഭാഷകർ,സന്യാസിശ്രേഷ്ഠർഅടക്കമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായി വിശ്വഹിന്ദു പരിഷത്ത് മുന്നോട്ടു പോകുകയാണ്. ഏതാനും സംസ്ഥാനങ്ങളിൽ പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ ഇത് നടപ്പിലാക്കാനുള്ള ചർച്ചകൾ നടന്നു വരികയാണെന്നും മിലിന്ദ് പരാന്തെ പറഞ്ഞു.കേരളത്തിൽ നിലവിൽ രണ്ടും ലക്ഷത്തിലധികം പ്രവർത്തകരാണ് വിഎച്ച്പിക്കുള്ളത് ഇത് ഈ വർഷം അഞ്ചു ലക്ഷമാക്കി ഉയർത്താനുള്ള പ്രവർത്തനങ്ങളുമായിട്ടാണ് സംഘടന മുന്നോട്ടു പോകുന്നത്.നിലവിൽ 1200 ലധികം യൂണിറ്റുകളാണ് കേരളത്തിലുള്ളത് ഇത് മൂവായിരമാക്കി വർധിപ്പിക്കും.നിരവധി സേവന പദ്ധതികളും സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരികയാണെന്നും മിലിന്ദ് പരാന്തെ പറഞ്ഞു.

വിശ്വഹിന്ദു പരിഷത്ത് രാഷ്ട്രീയ സംഘടനയല്ല.അതു കൊണ്ടു തന്നെ ദൈനംദിന രാഷ്ട്രീയത്തിൽ ഇടപെടാറുമില്ല. എന്നാൽ രാജ്യസ്നേഹ സംഘടനയെന്ന നിലയിൽ ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. തിരഞ്ഞെടുപ്പിൽ വിശ്വഹിന്ദു പരിഷത്തിന് വ്യക്തമായ വീഷണം ഉണ്ട്. ഹിന്ദു വിരുദ്ധരല്ല മറിച്ച് ഹിന്ദുക്കളുടെ വിഷയങ്ങൾക്കൊപ്പം നിൽക്കുന്നവരായിരിക്കണം രാജ്യം ഭരിക്കേണ്ടത്.

ഹിന്ദു വിരുദ്ധത രാജ്യത്തിന് ദോഷം വരുത്തുകയേയുള്ളു.ഹിന്ദുവിന്റെ ചരിത്രം രാജ്യത്തിന്റെ ചരിത്രമാണ്.ഹിന്ദു സംസ്കൃതി രാജ്യത്തിന്റെ സംസ്കൃതിയാണെന്നും മിലിന്ദ് പരാന്തെ പറഞ്ഞു. വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ പ്രസിഡന്റ് വി ശ്രീകുമാറും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ഐഐടി മദ്രാസ് എൻപിടിഇൽ സാങ്കേതിക കോഴ്സുകൾ മലയാളത്തിലും

**കൊച്ചി:**ഐഐടി മദ്രാസ് എൻപിടിഇൽ മലയാളത്തിലേക്ക് ടെക്നിക്കൽ കോഴ്സുകൾ പരിഭാഷപ്പെടുത്തി. പ്രോഗ്രാമിംഗ്, ഡേറ്റാ സ്ട്രക്ചർസ്, പൈതോൺ ഉപയോഗിച്ചുള്ള അർഗോരിതംസ്, ക്ലൗഡ് കംപ്യൂട്ടിംഗ് എന്നിവയുൾപ്പെടെ 198 കോഴ്സുകളാണ് പരിഭാഷപ്പെടുത്തിയത്. പ്രാദേശിക ഭാഷകളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും സാങ്കേതിക വിദ്യാഭ്യാസത്തിനു വേണ്ടി ഇംഗ്ലീഷിലേക്ക് മാറുകയും ചെയ്യുന്ന വിദ്യാർത്ഥികളെ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം.മലയാളത്തിനു പുറമെ ഈ കോഴ്സുകൾ തമിഴ്, തെലുങ്ക്, കന്നഡ ഉൾപ്പെടെയുള്ള 11 ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. വിവർത്തനം ചെയ്യപ്പെട്ട എൻപിടിഇൽ ന്റെ കോഴ്സുകളെക്കുറിച്ചറിയാൻ https://nptel.ac.int/ranslation എന്ന വെബ്സൈറ്റ് സന്ദർശിക്കുക.വിവർത്തനം ചെയ്ത സ്റ്റഡി മെറ്റീരിയലുകൾ എൻപിടിഇൽ വെബ്സൈറ്റുകളിൽ പിഡിഎഫ് ട്രാൻസ്ക്രിപ്റ്റ്, ഇബുക്ക്, ഉപശീർഷകങ്ങൾ, സ്ക്രോളിംഗ് ടെക്സ്റ്റ് പുറമേ ഓഡിയോ ഫോർമാറ്റുകളിൽ സൗജന്യമായി ലഭിക്കും.




## സോമെറ്റ് എജ്യുക്കേഷൻ അക്കോറുമായി സഹകരിക്കുന്നു

**കൊച്ചി :** ഹോസ്പിറ്റാലിറ്റി വിദ്യാഭ്യാസത്തിലെ പ്രമുഖരായ ഇന്ത്യൻ സ്കൂൾ ഓഫ് ഹോസ്പിറ്റാലിറ്റിയും (ഐഎസ്എച്ച്) സോമെറ്റ് എജ്യുക്കേഷനും, ഹോസ്പിറ്റാലിറ്റിയിലെ ആഗോള തലവനായ അക്കോറുമായി ഇന്ത്യൻ ടാലന്റ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സഹകരിക്കുന്നതായി പ്രഖ്യാപിച്ചു.ബെംഗളൂരുവിൽ നടന്ന, 19മത് ഹോട്ടൽ ഇൻവെസ്റ്റ്മെന്റ് കോൺഫറൻസിലാണ് മൂന്ന് വർഷത്തെ സഖ്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

അക്കോർ അതിന്റെ സ്ഥാപക രക്ഷാധികാരിയായി സേവനമനുഷ്ഠിക്കുന്ന സോമെറ്റ് എജ്യുക്കേഷൻ ഫൗണ്ടേഷന്റെ നേതൃത്വത്തിലായിരിക്കും ഈ ഉദ്യമം.

ഇന്ത്യൻ യുവാക്കളുടെ നൈപുണ്യത്തിൽ നിക്ഷേപിക്കുകയും അവർക്ക് അഭിവൃദ്ധി പ്രാപിക്കുന്ന ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ വളർച്ചയ്ക്കുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ ടാലന്റ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് ലക്ഷ്യമിടുന്നത്.

## ആർ എഫ് ഡി എൽ ദേശീയ ഗ്രൂപ്പ് മത്സരങ്ങൾ ഏപ്രിൽ 12ന് തുടങ്ങും

**കോഴിക്കോട് :**റിലയൻസ് ഫൗണ്ടേഷൻ ഡെവലപ്മെന്റ് ലീഗ് (ആർ എഫ് ഡി എൽ) 2024 നാഷണൽ ഗ്രൂപ്പ് മത്സരങ്ങൾ ഏപ്രിൽ 12 മുതൽ 26 വരെ നടക്കും.  മുംബൈ, കോഴിക്കോട്, ഡൽഹി, ഗോവ എന്നീ നാല് കേന്ദ്രങ്ങളിലായി നടക്കുന്ന ഗ്രൂപ്പ് സ്റ്റേജിൽ എട്ട് സോണുകളിൽ നിന്നായി 20 ടീമുകൾ പങ്കെടുക്കും. 40 മത്സരങ്ങൾ നടക്കുന്ന ഈ ഘട്ടത്തിൽ ഓരോ ഗ്രൂപ്പിലും അഞ്ച് ടീമുകളാണുള്ളത്, ഇതിൽ വിജയിക്കുന്ന നാല് ക്ലബ്ബുകൾക്ക് ദേശീയ ചാമ്പ്യൻഷിപ്പിലേക്ക് കടക്കാനാകും.

കേരളത്തിൽനിന്ന് മുത്തൂറ്റ് എഫ്എ, കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, പറപ്പൂർ എഫ്സി എന്നിവർ കേരള റീജിയണിൽ നിന്ന് ദേശീയ ഗ്രൂപ്പ് സ്റ്റേജിൽ ഇടം നേടി.  മുത്തൂറ്റ് എഫ്എ എട്ട് മത്സരങ്ങൾ ജയിച്ച് 24 പോയിന്റിലെത്തി.

കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും പറപ്പൂർ എഫ്സിയും യഥാക്രമം 19, 18 പോയിന്റുകൾ നേടി അടുത്ത റൗണ്ടിലെത്തി. മുത്തൂറ്റ് എഫ്എയും പറപ്പൂർ എഫ്സിയും കോഴിക്കോട് നടക്കുന്ന അടുത്ത ഗെയിമുകൾക്കായി റൂട്ട്സ് എഫ്സി, എഫ്സി ഗോവ, മൈറ്റി യംഗ് ജോ  ജിഎംഎസ്സി എന്നിവയ്ക്കൊപ്പം ഗ്രൂപ്പുചെയ്തു.

കേരള ബ്ലാസ്റ്റേഴ്സ് എഫ്സി  വരാനിരിക്കുന്ന മത്സരങ്ങൾ മുംബൈയിൽ കളിക്കും.ഇന്ത്യൻ ഫുട്ബോളിന്റെ വളർച്ചയ്ക്കായി ഇന്ത്യയിലെ യുവ ഫുട്ബോൾ താരങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള റിലയൻസ് ഫൗണ്ടേഷന്റെ തുടർച്ചയായ പ്രതിബദ്ധതയുടെ ഭാഗമാണ് ആർ എഫ് ഡി എൽ.

## വിപണി വളർച്ച ലക്ഷ്യമിട്ട് കെബിസി ഗ്ലോബൽ ലിമിറ്റഡ്

**കൊച്ചി:** നിർമ്മാണ, റിയൽ എസ്റ്റേറ്റ് വികസന മേഖലയിലെ പ്രമുഖരായ കെബിസി ഗ്ലോബൽ ലിമിറ്റഡ് ആഭ്യന്തര, അന്തർദേശീയ വിപണികളിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു. നാസിക്കിലെ റെസിഡൻഷ്യൽ, റെസിഡൻഷ്യൽകംഓഫീസ് പ്രൊജക്ടുകളുടെ വികസനത്തിലും വിൽപ്പനയിലും കമ്പനി ശ്രദ്ധാലുക്കളാണ്.

അന്താരാഷ്ട്ര വിപണിയിലേക്കുള്ള  പ്രവേശനത്തിന്റെ ഭാഗമായി കെബിസി ഗ്ലോബലിന്റെ ഉപസ്ഥാപനമായ കെബിസി ഇന്റർനാഷണൽ ലിമിറ്റഡ് നൈജീരിയയിലെ ഫെഡറൽ ഹൗസിംഗ് അതോറിറ്റിയുമായി  മെമ്മോറാണ്ടം ഓഫ് ഇന്റന്റ് ഒപ്പിട്ടതായി കെബിസി ഗ്ലോബൽ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ  നരേഷ് കർദ പറഞ്ഞു.

# ‘വീട്ടിൽ ഒരു ഇളനീർ തെങ്ങ്’ പദ്ധതിയുമായി കാഡ്സ്



**തൊടുപുഴ:** ഇളനീരിൻറെ ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കാഡ്സിൻറെ നേതൃത്വത്തിൽ വീട്ടിൽ ഒരു ഇളനീർ തെങ്ങ് പദ്ധതി നടപ്പാക്കുന്നു. അഞ്ചുവർഷം കൊണ്ട് പൂർത്തിയാകുന്ന പദ്ധതിയിൽ ആദ്യഘട്ടത്തിൽ തൊടുപുഴ നഗരസഭയിലെ ആയിരം വീടുകളാണ് തെരഞ്ഞെടുക്കുന്നത്.

നാളികേര വികസന ബോർഡിൽനിന്നു വികസിപ്പിച്ചെടുത്ത അത്യുത്പാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള സങ്കരയിനം തെങ്ങിൻതൈകളാണ് ആയിരം കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നത്. 150 രൂപ വിലയുള്ള മൂന്നാം വർഷം ഫലം ലഭിക്കുന്ന തെങ്ങിൻതൈ സൗജന്യമായാണ് നൽകുന്നത്.

മറുനാട്ടിൽനിന്നു മാരക കീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്ത കരിക്കാണ് ഇപ്പോൾ കൂടുതലായി വിപണിയിലെത്തുന്നത്. ഇതിന് പരിഹാരം എന്ന നിലയ്ക്കാണ് അഞ്ചുവർഷം കൊണ്ട് 10,000 തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇതിലൂടെ തൊടുപുഴ സന്പൂർണ ഇളനീർ ലഭ്യതയുള്ള നഗരം എന്ന ലക്ഷ്യത്തിലേക്ക് എത്തും.

ആദ്യവർഷം 1000, രണ്ടാം വർഷം 1500, മൂന്നാം വർഷം 2000, നാലാം വർഷം 2500, അഞ്ചാം വർഷം 3000 തൈകളാണ് സൗജന്യ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. നഗരാതിർത്തിക്കുള്ളിൽ 10,000 വീടുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

തൈ നടുന്നതിനോടൊപ്പം പരിപാലന മുറകളും കീടങ്ങളിൽനിന്നുള്ള സംരക്ഷണം നേടുന്നതിനുള്ള ഉപാധികളും കർഷകർക്ക് നൽകും. തെങ്ങിൻറെ വളർച്ചയും മറ്റു മാറ്റങ്ങളും പരിശോധിക്കാൻ ഓൺലൈൻ സംവിധാനവും ഇതോടൊപ്പം ഉണ്ടാകും.

പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ 7907139152 എന്ന വാട്സ് ആപ്പ് നന്പരിൽ പേര്, വിലാസം, വീട് നന്പർ, വാർഡ് നമ്പർ എന്നിവ അറിയിക്കണം. തൈകളുടെ വിതരണം പത്താമുദയത്തോടനുബന്ധിച്ചു നടക്കുമെന്ന് കാഡ്സ് ചെയർമാൻ ആൻറണി കണ്ടിരിക്കൽ അറിയിച്ചു.



# വേനൽമഴ നെൽകർഷകർക്ക് വിനയായി

**ചിങ്ങവനം:** കനത്തമഴയിൽ വീണടിഞ്ഞ നെല്ല് കൊയ്തെടുക്കുവാൻ കർഷകർ നെട്ടോട്ടത്തിൽ. കായൽ നിലങ്ങളിൽ മഴയ്ക്കു മുന്പേ ഭൂരിഭാഗവും കൊയ്ത്തു കഴിഞ്ഞെങ്കിലും ഗ്രാമീണ മേഖലയിലെ പാടങ്ങളിലെ കർഷകർ പെടാപ്പാട് പെടുകയാണ്. ഇനിയും മഴ തുടർന്നാൽ കനത്ത നഷ്ടം നേരിടേണ്ടിവരുമെന്ന് കർഷകർ പറയുന്നു.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മഴയിൽ പല പാടങ്ങളിലും നെല്ല് വീണടിഞ്ഞ നിലയിലാണ്. ഇത്തരം പാടങ്ങളിൽ മഴവെള്ളം ഉയർന്നതോടെ രാത്രി കാലങ്ങളിൽ പറന്നിറങ്ങിയ പക്ഷിക്കൂട്ടങ്ങൾ ഏറെക്കുറെ നെല്ല് തിന്നുതീർക്കുകയും ചെയ്തു. പനച്ചിക്കാട്, കുറിച്ചി, വാകത്താനം പ്രദേശങ്ങളിൽ ചുരുക്കം പാടങ്ങളിലെ നെല്ലാണ് മഴയ്ക്ക് മുന്പ് കൊയ്തെടുത്തത്.

വിവിധയിടങ്ങളിലായി ഏക്കറുകണക്കിന് നെല്ലാണ് കൊയ്തെടുക്കുവാനുള്ളത്. കൊയ്തെടുത്ത് കഴിഞ്ഞാലും നെല്ല് ലോറികളിൽ കയറ്റിവിടുന്നതുവരെ കൃഷിക്കാരുടെ നെഞ്ചിൽ തീയാണ്. ഇനിയും കനത്ത മഴ തുടർന്നാൽ പാടങ്ങളിൽ വെള്ളം ഉയർന്ന് കൊയ്തെടുക്കുവാൻ യന്ത്രം ഇറക്കാൻ വയ്യാത്ത സാഹചര്യം ഉണ്ടാകും. വെള്ളം ഉയർന്നു നെൽചെടികൾ നാശത്തിൻറെ വക്കിലാകുകയും ചെയ്യും.

പാടത്തെ വെള്ളം പമ്പ് ചെയ്ത് ഒഴുക്കിയാലും തോട്ടിൽ ജലനിരപ്പ് ഉയർന്ന് മട വീഴാനുള്ള സാഹചര്യമാണ് കർഷകരെ ഏറെ കുഴയ്ക്കുന്നത്. പലയിടങ്ങളിലും പുറംബണ്ട് പേരിനു മാത്രമാണ്. ഇത് മട വീഴ്ചയ്ക്ക് ആക്കം കൂട്ടും. ബണ്ട് തകർന്ന് മട വീഴ്ചയുണ്ടായാൽ നെല്ല് ഉപേക്ഷിക്കുകയേ മാർഗമുള്ളൂ.

പുറംബണ്ട് ശക്തമല്ലാത്തതിനാലാണ് പലയിടങ്ങളിലും വിത താമസിച്ചത്. പാടത്തും തോട്ടിലും ഒരുപോലെ വെള്ളം നിന്നതിനാൽ താമസിച്ചാണ് ഈ വർഷം കൃഷിക്ക് തുടക്കംകുറിച്ചത്.

കാലവർഷത്തിന് മുന്പ് കൊയ്തെടുക്കാമെന്ന് കരുതി കൃഷിയിറക്കിയെങ്കിലും കാലം തെറ്റി പെയ്യുന്ന കനത്ത മഴ കർഷകർക്ക് വിനയായിരിക്കുകയാണ്.



# വിനോദസഞ്ചാരികളുടെ തിരക്കേറുന്നു

**കടുത്തുരുത്തി:** വേനൽ കടുത്തതോടെ ജലഗതാഗതത്തിലൂടെയുള്ള വിനോദ സഞ്ചാരത്തിനായി എഴുമാന്തുരുത്ത്, മുണ്ടാർ മേഖലയിൽ എത്തുന്നവരുടെ തിരക്കേറുന്നു. എഴുമാംകായലിൻറെ സൗന്ദര്യം ആസ്വദിക്കാൻ നിരവധിയാളുകളാണ് ഇവിടെ ബോട്ട്, വള്ളം സവാരികൾക്കായെത്തുന്നത്.

പടിഞ്ഞാറൻ പ്രദേശങ്ങളായ എഴുമാന്തുരുത്തിലേക്കും മുണ്ടാറിലേക്കുമെല്ലാം വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടത്തിവന്ന ശ്രമങ്ങളുടെ ഭാഗമായി ഇവിടെ ബോട്ടുജെട്ടികൾ നിർമിച്ചിരുന്നു.

കായൽ പരപ്പിലൂടെ ബോട്ടിൽ സഞ്ചരിച്ചു ഉൾനാടൻ ഗ്രാമീണ സൗന്ദര്യം നുകരുവാൻ കഴിയുന്ന അതിമനോഹരമായ പദ്ധതിയാണ് പടിഞ്ഞാറൻ പ്രദേശങ്ങളിലെ ജലസമ്പത്ത് പ്രയോജനപ്പെടുത്തി നടപ്പാക്കിയിരിക്കുന്നത്.

സ്കൂളുകൾ അടച്ചതും നീണ്ട അവധിക്കാലമായതും രൂക്ഷമായ വേനലിൻറെ കാഠിന്യവുമാണ് ജലഗതാഗതത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നത്. അവധിക്കാലം തുടങ്ങിയതോടെ ഗ്രാമീണഭംഗി ആസ്വദിക്കാനായി ഇവിടേക്കെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻവർധനവാണ് ഉണ്ടായിരിക്കുന്നത്.

പ്രദേശത്തേക്കു സ്വദേശികളും വിദേശികളുമായ ധാരാളം ടൂറിസ്റ്റുകളാണ് ദിവസവും എത്തുന്നത്. തോണി യാത്രയും ബോട്ട് സവാരിയും വിവിധങ്ങളായ ഗ്രാമീണ കാഴ്ചകളും സ്വാദിഷ്ടമായ ഭക്ഷണ വൈവിധ്യങ്ങളും ഒരുക്കി ഉത്തരവാദിത്വ ടൂറിസം ക്ലബ്ബാണ് സഞ്ചാരികളെ ആകർഷിക്കുന്നത്.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കോട്ടയം ജില്ലയിലെ ഗ്രാമങ്ങളാണ് കടുത്തുരുത്തി പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയായ എഴുമാന്തുരുത്തും, കല്ലറ പഞ്ചായത്തിലെ മുണ്ടാറും. കരിയാറിലൂടെ ശിക്കാര വള്ളങ്ങളിൽ യാത്രചെയ്തു ഗ്രാമീണഭംഗി ആസ്വദിക്കുന്നതിന് സഞ്ചാരികളുടെ തിരക്കേറിയതോടെ കൂടുതൽ ക്രമീകരണങ്ങളാണ് ടൂറിസം ക്ലബ്ബുകാർ ഇവിടെ ഒരുക്കിയിട്ടുള്ളത്.





# അബ്ദുൾ റഹിമിനെ രക്ഷിക്കാൻ ബോചെയുടെ യാചക യാത്ര

**കൊച്ചി:** സൗദിയിൽ വധശിക്ഷയിക്ക് വിധിയ്ക്കപ്പെട്ട് ജയിലിൽ കഴിയുന്ന നിരപരാധി കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൾ റഹീമിന്റെ വധശിക്ഷ റദ്ദാക്കാൻ നൽകേണ്ട 34 കോടി രൂപ പൊതുസമൂഹത്തിൽ നിന്നും സമാഹരിക്കുന്നതിന്റെ ഭാഗമായി ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് ആരംഭിച്ച യാചക യാത്ര കൊച്ചിയിൽ എത്തി.ഏപ്രിൽ 16 ന് മുമ്പ് പണം സമാഹരിച്ചു നൽകേണ്ടതുണ്ട്. പണം സമാഹരിക്കുന്നതിനായി നാട്ടുകാർ രൂപീകരിച്ച അബ്ദുൾ റഹീം ലീഗൽ അസിസ്റ്റൻസ് കമ്മിറ്റി ട്രസ്റ്റിന്റെ അക്കൗണ്ടിലേക്കാണ് പണം അയക്കേണ്ടത്. ഇതിനായി പണം നൽകണമെന്നഭ്യർഥിച്ചുകൊണ്ടാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.നിലവിൽ 18 കോടി രൂപ സമാഹരിച്ചു.ഇനി 16 കോടി കൂടി കണ്ടെത്തേണ്ടതുണ്ട്.ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രമുള്ളതിനാൽ ശേഷിക്കുന്ന തുക അടിയന്തരമായി കണ്ടെത്താൻ ബോചെ ടീ ലക്കി ടിക്കറ്റ് ചലഞ്ച് ഈമാസം 15 ന് നടത്തും. ബോചെ ടീ ഈ മാസം അവസാനം ഇന്ത്യയിൽ ലോഞ്ച് ചെയ്യാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ അബ്ദുൾ റഹിമിന്റെ മോചനത്തിന് പണം കണ്ടെത്തുന്നതിനായി ലോഞ്ച് നേരത്തെയാക്കുകയായിരുന്നു. ബോചെ ടീ വിറ്റു കിട്ടുന്ന മുഴുവൻ തുകയും അബ്ദുൾ റഹീമിന്റെ മോചനത്തിനായി നൽകാനാണ് തീരുമാനമെന്നും ബോചെ പറഞ്ഞു.

# ബി.എം.ഡബ്ല്യു മോട്ടോറാഡ് സഫാരി ആരംഭിക്കുന്നു

**കൊച്ചി:** ബി.എം.ഡബ്ല്യു മോട്ടോറാഡ് സഫാരി ഇന്ത്യയിൽ ആരംഭിക്കുന്നു. ബി.എം.ഡബ്ല്യു മോട്ടോർസൈക്കിൾ ഉടമകൾക്ക് മാത്രമായി വിഭാവനം ചെയ്തിരിക്കുന്ന ബി.എം.ഡബ്ല്യു മോട്ടോറാഡ് സഫാരി ലോകമെമ്പാടുമുള്ള അൾട്ടിമേറ്റ് റൈഡിംഗ് എക്സ്പീരിയൻസസ് വാഗ്ദാനം ചെയ്യുന്നു.സിലിഗുരിയിൽ ആരംഭിച്ച് അവസാനിക്കുന്ന ഭൂട്ടാനിലെ ആകർഷകമായ പ്രകൃതിദൃശ്യങ്ങളിലൂടെ ഏഴു ദിവമാണ് യാത്ര നടക്കുന്നത്.

# ഒ ബൈ താമരയിൽ വിഷുസദ്യ

**തിരുവനന്തപുരം:** ഇരുപത്തിയെട്ട് വ്യത്യസ്ത വിഭവങ്ങൾ ഉൾപ്പെടുന്ന വിഷുസദ്യയുമായി ഒ ബൈ താമര തിരുവനന്തപുരം. ഏപ്രിൽ 14ന് ഉച്ചയ്ക്ക് 12 മണി മുതൽ 1 മണി വരേയും, 1.30 മുതൽ 2.30 വരെയും ഒ കഫേയിൽ വിഷു സദ്യ ലഭ്യമാകും. മാമ്പഴപുളിശ്ശേരി, ഇടിച്ചക്കത്തോരൻ, അവിയൽ, കിച്ചടി, പാലട പ്രഥമൻ, ചക്ക പായസം എന്നിങ്ങനെ തനി നാടൻ രുചികൾ ഉൾപ്പെട്ടതാണ് ഒ ബൈ താമരയുടെ വിഷു സദ്യ. 1199 രൂപയ്ക്ക് ഏപ്രിൽ 13 വരെ വിഷുസദ്യയ്ക്കായി മുൻകൂട്ടി ബുക്കിംഗ് ചെയ്യാം.



# മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് സംവാദ മത്സരം: ട്രീസ മരിയ, ആശിഷ് കെ. ഷിൻറു ജേതാക്കൾ

**കൊച്ചി:** സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ഓൺട്രപ്രണർഷിപ്പിൻറെ (സൈം) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് മത്സരത്തിൻറെ ദക്ഷിണേന്ത്യാ ഫൈനൽ സൈം കൊച്ചിയിൽ നടന്നു.

രണ്ടു റൗണ്ടുകളിലായി നടന്ന മത്സരത്തിൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിലെ ട്രീസ മരിയ, ആശിഷ് കെ. ഷിൻറു എന്നിവർ മരിയ ഫിലിപ്പ് എവറോളിംഗ് ട്രോഫി നേടി.

രണ്ടാം സ്ഥാനം മൈസൂരു ജെഎസ്എസ് ലോ കോളജിൽനിന്നുള്ള വി. അനന്യ, നിഖിത സൂസൻ ഈപ്പൻ എന്നിവർക്കാണ്. തിരുപ്പതി എമറാൾഡ്സ് ഡിഗ്രി കോളജിലെ കെ. വിജയ്കുമാറിനെ മികച്ച സ്പീക്കറായി തെരഞ്ഞെടുത്തു.

വിജയികൾക്ക് സൈം പ്രസിഡൻറ് അനിൽ ജെ. ഫിലിപ്പ് സമ്മാനങ്ങൾ വിതരണം ചെയ്തു. അഞ്ചു സംസ്ഥാനങ്ങളിൽനിന്നായി 290 ടീമിൽ നിന്നു തെരഞ്ഞെടുത്ത ആറു ടീമുകളാണ് ഫൈനലിൽ മാറ്റുരച്ചത്. സൈം പത്താമത് ബിരുദദാനച്ചട ങ്ങും കൊച്ചി കാമ്പസിലെ മരിയ ഫിലിപ്പ് ഓഡിറ്റോറിയത്തിൽ നടന്നു.

സൈം കൊച്ചി ചെയർമാൻ പ്രഫ. സി.പി. രവീന്ദ്രനാഥൻ ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പരിപാടികളിൽ സൈം പ്രസിഡൻറ് അനിൽ ജെ. ഫിലിപ്പ്, വൈസ് ചെയർമാൻ വി.ഒ. സെബാസ്റ്റ്യൻ, ഡയറക്ടർ ഡോ. ടി.വി. ഫ്രാൻസി, ഡീൻ പ്രഫ. കെ. അലോക് തുടങ്ങിയവർ പങ്കെടുത്തു.

# തിരുവനന്തപുരത്തേയ്ക്ക് 33 ഇലക്ട്രിക് ബസുകൾ കൂടി

**ചാത്തന്നൂർ:** തിരുവനന്തപുരം ജില്ലയിലേയ്ക്ക് 31 ഇലക്ട്രിക് ബസുകൾ കൂടി സർവീസിനെത്തുന്നു. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി അനുവദിച്ച ബസുകളിൽ 33 എണ്ണം ലഭിച്ചു. ഇതിൽ 31 ബസുകളാണ് സർവീസിന് വിവിധ യൂണിറ്റുകൾക്കായി അനുവദിച്ചത്.

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ബസുകൾ വാങ്ങാൻ 500 കോടി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിൻറെ വിഹിതമായ 500 കോടിയും തിരുവനന്തപുരം കോർപറേഷൻറെ വിഹിതമായ 150 കോടി രൂപയും ചേർത്താണ് ഇലക്ട്രിക് ബസുകൾ വാങ്ങുന്നത്. ഇതിൻറെ ആദ്യഘട്ടമായി




ആണ് 33 ബസുകൾ എത്തിയത്.

എത്തിയ ബസുകളിൽ തിരുവനന്തപുരം കോർപറേഷൻ പരിധിയിലുള്ള തിരുവനന്തപുരം സിറ്റി യൂണിറ്റിലേയ്ക്ക് നാലും പേരൂർക്കട, വികാസ് ഭവൻ യൂണിറ്റുകളിലേയ്ക്ക് മൂന്നുവീതവും വിഴിഞ്ഞം യൂണിറ്റിലേയ്ക്ക് അഞ്ചും കോർപറേഷന് പുറത്തുള്ള നെയ്യാറ്റിൻകര, കാട്ടാക്കട യൂണിറ്റുകൾക്ക് ആറു വീതവും ആറ്റിങ്ങൽ യൂണിറ്റിന് നാലും ബസുകൾ വീതം നൽകും. പുതുതായി എത്തിയ ഇലക്ട്രിക് ബസുകൾ കെ സ്വിഫ്റ്റായിരിക്കും ഓപറേറ്റ് ചെയ്യുന്നത്.നിലവിൽ തിരുവനന്തപുരത്ത് സിറ്റി സർക്കുലറായും സിറ്റി സർവീസുകളായും ഇലക്ട്രിക് ബസുകൾ സർവീസ് നടത്തുന്നുണ്ട്. കെസ്വിഫ്റ്റിന് വേണ്ടി വാങ്ങിയ 50 ഇലക്ട്രിക് ബസുകളാണ് നിലവിലുണ്ടായിരുന്നത്.

# വിഴിഞ്ഞം തുറമുഖം: ട്രയൽറൺ തുടങ്ങും മുമ്പേ ഖജനാവിലെത്തിയത് കോടികൾ

**വിഴിഞ്ഞം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ ട്രയൽ റൺ തുടങ്ങും മുൻപ് തന്നെ സർക്കാരുകളുടെ ഖജനാവിലേക്ക് കോടികൾ എത്തി. ഇതുവരെ തുറമുഖത്ത് അടുത്ത നാല് ചൈനീസ് കപ്പലുകളിലെ 21 ക്രെയിനുകളിൽ നിന്ന് ഇൻഡ്യൻ ഗുഡ്സ് സർവീസ് ടാക്സ് ഇനത്തിൽ 170 കോടിയിലേറെ രൂപ കേന്ദ്രസംസ്ഥാന സർക്കാറുകൾക്ക് വരുമാനമായി ലഭിച്ചു.

ഈ മാസം ഇനിയും വരുന്ന ഷെൻ ഹുവ 34, 35 എന്നീ രണ്ട് കപ്പലിൽ നിന്നും നൂറ്കോടിയോളം ലഭിക്കും. കഴിഞ്ഞ ദിവസം തുറമുഖത്തടുത്ത ഷെൻഹുവ16ൽ നിന്ന് മാത്രം 37.5 . കോടി യോളംരൂപ സർക്കാരിന് വരുമാനമായി ലഭിച്ചു.എക്സ് പോർട്ട് പ്രമോഷൻ കാപ്പിറ്റൽ ഗുഡ് എന്ന അംഗീകാരമുള്ളതിനാൽ കസ്റ്റംസ് നികുതിയായി വരുന്ന കോടികൾ തുറമുഖ നടത്തിപ്പുകാരായ അദാനി ഗ്രൂപ്പിൻറെ വരുമാനമായിരിക്കുമെന്നും അറിയുന്നു.അടുത്ത മാസം മുതൽ ട്രയൽറൺ തുടങ്ങുന്നതോടെ ചരക്കുകളുമായി കൂടുതൽ കപ്പലുകൾ എത്തിത്തുടങ്ങും അതോടെ സർക്കാരുകളുടെ വരുമാനത്തിലും കൂടുതൽ മാറ്റമുണ്ടാകും.ചൈനയിലെ ഷാംഗ്ഹായി പ്രോവിൻസിലെ ഷെൻഹുവ ഹെവി ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്ക് ആവശ്യമായ ക്രെയിനുകൾ നിർമിച്ച് നൽകുന്നത്.മലയാളിയായ രാധാകൃഷ്ണൻ ഡയറക്ടറായിട്ടുള്ള പെർഫക്ടോ ലോജിസ്റ്റിക് കമ്പനിക്കാണ് ക്രെയിനുമായി വരുന്ന കപ്പലുകളുടെ കസ്റ്റംസ് ക്ലിയറിംഗ് നടപടികൾ പൂർത്തിയാക്കാനുള്ള ചുമതല.മലയാളിയുടെ ഉടമസ്ഥതയിലുള്ള വാട്ടർ ലൈൻ ഷിപ്പിംഗ് ലോജിസ്റ്റിക് കമ്പനിക്കാണ് കൂറ്റൻ ക്രെയിനുകളുമായി എത്തുന്ന ചരക്ക് കപ്പലുകൾ മാനദണ്ഡം പാലിച്ച് ബെർത്തിൽ അടുപ്പിക്കുന്നതിനുള്ള ചുമതലയും.



# ചൂട് കനത്തു; കോഴിക്കർഷകരും പ്രതിസന്ധിയിൽ

**പാലക്കാട് :** കാലാവസ്ഥാ വ്യതിയാനത്താൽ വീർപ്പുമുട്ടി കോഴിക്കർഷകർ. മുട്ട, മാംസം ഉത്പാദനത്തിൽ വൻ ഇടിവ് സംഭവിച്ചതോടെയാണ് കർഷകർ കൂടുതൽ വെട്ടിലായത്. ചൂട് വർദ്ധിക്കുന്നതോടൊപ്പം കോഴികളിൽ രോഗബാധയും കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

അതിർത്തി കടന്നെത്തുന്ന കോഴികളിലും കർശന പരിശോധനയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നാട്ടിലെ വീടുകളിൽ കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളമുണ്ട്. മുട്ടക്കോഴി, ബ്രോയിലർ കോഴി, നാടൻ കോഴി തുടങ്ങിയ വിവിധ ഇനത്തിലായി വ്യത്യസ്ത ആവശ്യങ്ങൾക്കായി കോഴി വളർത്തുന്നവർ നിരവധിയാണ്.

എന്നാൽ ഇന്നത്തെ മാറുന്ന കാലാവസ്ഥയിൽ കോഴി വളർത്തലിലേക്ക് ഇറങ്ങുന്നവരും നിലവിൽ കോഴി വളർത്തലിൽ ഏർപ്പട്ടിരിക്കുന്നവരും ആശങ്കയിലാണ്. ദിനംപ്രതി ചൂട് വർദ്ധിക്കുന്ന സാഹചര്യത്തിൽ മനുഷ്യർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പോലെ തന്നെയാണ് വളർത്തു മൃഗങ്ങൾക്കും അനുഭവപ്പെടുന്നത്.

ചൂട് കൂടുന്ന സാഹചര്യത്തിൽ കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ നേരിടുന്ന പ്രധാന വെല്ലുവിളി മുട്ട ഉത്പാദനത്തിലെ കുറവും ഇറച്ചി കോഴികളുടെ തൂക്കത്തിലുണ്ടാകുന്ന വ്യത്യാസവുമാണ്.

ഈ ചൂട് കാലത്ത് കോഴി ത്തീറ്റയുടെ വിലവർദ്ധനവും കർഷകർക്ക് തിരിച്ചടിയാവുകയാണ്. കോഴി ഫാമുകളിൽ നിന്നുള്ള കോഴികളുടെ വിതരണവും പ്രതിസന്ധിയിലാണ്.

ജില്ലയിലെ താപനില പ്രതിദിനം 40 ഡിഗ്രിക്ക് മുകളിൽ തന്നെ തുടരുന്ന സാഹചര്യത്തിൽ കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വെറ്റിനറി ഡോക്ടർമാരുടെ നിർദേശങ്ങൾ തേടുകയാണ്.

ചൂട് കാലത്ത് കോഴികൾക്ക് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും രോഗങ്ങളും തുടങ്ങി!യ കാര്യങ്ങിൽ പ്രതിവിധി തേടുകയാണ് കർഷകർ.

അന്തരീക്ഷ താപനില 23 മുതൽ 25 ഡിഗ്രി സെൽഷ്യസ് വരെ ആണ് കോഴികൾക്ക് ഏറ്റവും അനുയോജ്യമെന്നും 30 ഡിഗ്രി സെൽഷ്യസിൽ നിന്നും താപനില ഉയരുമ്പോഴാണ് വളർത്തു കോഴികൾക്ക് ശാരീരിക പ്രശ്നങ്ങൾ പ്രകടമാകുന്നതെന്നും വിദഗ്ദർ അഭിപ്രായപ്പെടുന്നു.

# കബനി നദി വറ്റിയതോടെ അതിർത്തി ഗ്രാമങ്ങൾ വരൾച്ചയുടെ പിടിയിൽ

**പുൽപ്പള്ളി:** വേനൽ ശക്തമായതോടെ പുൽപ്പള്ളി മേഖല കൊടുംവരൾച്ചയിലേക്ക്. കബനി നദി പൂർണമായി വറ്റവരണ്ടതോടെ അതിർത്തി പ്രദേശങ്ങളിലെ കൃഷിയിടങ്ങളിലേക്കുള്ള ജലസേചനം പൂർണമായി നിലച്ച അവസ്ഥയാണ്. കബനിയുടെ നദിയുടെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളം വറ്റി പാറക്കെട്ട് നിറഞ്ഞ അവസ്ഥയിലാണ്.



കബനി നദിയോട് ചേർന്ന കന്നാരം പുഴയും കടമാൻതോടും മുദ്ദള്ളി തോടും പൂർണമായി വറ്റിവരണ്ടതാണ് കാർഷിക മേഖലയ്ക്ക് തിരിച്ചടിയായത്. ബീച്ചനഹള്ളി ഡാമിൽ നിന്നും കൃഷിയാവശ്യത്തിനായി കർണാടക കൂടുതൽ വെള്ളം ഒഴുക്കിവിടാൻ തുടങ്ങിയതോടെയാണ് കബനി നദിയിലെ ജലനിരപ്പ് രണ്ട് ദിവസത്തിനുള്ളിൽ കുത്തനെ താഴാൻ കാരണം.

ഇതുമൂലം കബനി കരയിലെ കൊളവള്ളി, മരക്കടവ് പാടശേഖരങ്ങളിൽ കർഷകർ സ്വന്തം ചെലവിൽ മോട്ടോർ സ്ഥാപിച്ച് പുഞ്ച കൃഷി ചെയ്ത കർഷകർക്ക് പുഴയിൽ വെള്ളമില്ലാത്തത് മൂലം ജലസേചന സൗകര്യം നടത്താൻ കഴിയാത്ത അവസ്ഥയാണ്. പുഴയുടെ പലഭാഗങ്ങളും പൂർണമായി വറ്റിവരണ്ട അവസ്ഥയാണ്.

ആഴമുള്ള പ്രദേശങ്ങളിൽ മാത്രമാണ് ഇപ്പോൾ വെള്ളം കെട്ടിക്കിടക്കുന്നത്. വെള്ളത്തിൻറെ ഒഴുക്ക് നിലച്ചതോടെ പൂർണമായി വറ്റിവരളുമോയെന്ന ആശങ്കയാണ്. മാവിലാംതോട് മുതൽ കൊളവള്ളിവരെയുള്ള പുഴയുടെ പലഭാഗങ്ങളിലും വെള്ളം പാടെ താഴ്ന്നതോടെ പുഴയുടെ അക്കരെയിക്കരെ ആളുകൾക്ക് നടന്നുപോകാൻ കഴിയുന്ന അവസ്ഥയാണ്. 2004 ലാണ് കബനി നദി ഇത്രയും വെള്ളം താഴ്ന്നത്.

വരും ദിവസങ്ങളിൽ മഴ ലഭിച്ചില്ലെങ്കിൽ കേരള കർണാടക അതിർത്തി പ്രദേശങ്ങളിലെ ബൈരക്കുപ്പ, മച്ചൂർ, കൊളവള്ളി, ഗൃഹന്നൂർ, മരക്കടവ് ഡിപ്പോ, പെരിക്കല്ലൂർ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന അവസ്ഥാണ്.

# സൗജന്യ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ സീറ്റുകൾ ഒഴിവ്

**തിരുവനന്തപുരം:** കേരള സർക്കാർ പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മംഗലപുരം ക്യാമ്പസിൽ ആരംഭിച്ച ജോലി സാധ്യത ഏറെയുള്ള ഉന്നത സാങ്കേതിക വൈജ്ഞാനിക കോഴ്സുകളിലെ ഒഴിവുള്ള ഏതാനം സീറ്റുകളിലേക്ക് പട്ടികജാതിക്കാരായ യുവജനങ്ങൾക്ക് ഇപ്പോൾ അപേക്ഷിക്കാം . അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 15 വരെ.

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബ്ലോക്ക് ചെയിൻ, സർട്ടിഫിക്കറ്റ് ഇൻ ഇലക്ട്രോണിക്സ് പിസിബി ഡിസൈൻ എന്നീ കോഴ്സുകളിലേക്കാണ് ബിരുദ യോഗ്യതയുള്ള പട്ടികജാതിക്കാരായ യുവജനങ്ങൾക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നത്. 202425 അക്കാദമിക വർഷത്തെ ബാച്ചുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും ഭക്ഷണവും സൗജന്യമാണ്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേരളത്തിലെ പ്രമുഖ സാങ്കേതിക വ്യവസായ സ്ഥാപനങ്ങളിൽ പരിശീലനവും തൊഴിൽ പ്രവേശനവും ഡിജിറ്റൽ സർവകലാശാല ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മംഗലാപുരം ക്യാമ്പസുമായോ , കേരള സർക്കാർ പട്ടികജാതി ഡയറക്ടറേറ്റുമായോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ഈ ലിങ്കിൽ ലഭ്യമാണ് http://duk.ac.in/skills/, 04712788000.

# സിവിൽ സർവീസ് പ്രിലിമിനറി/ മെയിൻസ് പരീക്ഷാ പരിശീലനം

**തിരുവനന്തപുരം:** കിലെ ഐ.എ.എസ് അക്കാദമിയിൽ സിവിൽ സർവീസ് പ്രിലിമിനറി/മെയിൻസ് പരീക്ഷാ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. കേരള സംസ്ഥാന സംഘടിത/അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്കും ആശ്രിതർക്കും പരിശീലനം നൽകും.

10 മാസം ദൈർഘ്യമുള്ള ഈ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്ന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ ബിരുദധാരികളായ മക്കൾ/ ആശ്രിതർ ക്ഷേമ ബോർഡിൽ നിന്നും വാങ്ങിയ ആശ്രിതത്വ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 20. വെബ്സൈറ്റ് : www.kile.kerala.gov.in. ഫോൺ: 0469 2603074.

# കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിന് സെലക്ഷൻ

**കൊച്ചി:** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് 2024 2025 വർഷം 7 ,8 ക്ളാസുകളിലേക്കും പ്ലസ് വൺ, ഒന്നാം വർഷ ഡിഗ്രി ക്ലാസുകളിലേക്കും, അണ്ടർ 14 വിമൻസ് ഫുട്ബോൾ അക്കാദമികളിലേക്കും കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിനായി സോണൽ തല സെലക്ഷൻ ഏപ്രിൽ 16 മുതൽ 30 വരെ നടത്തും.

അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, വോളീബോൾ എന്നീ ഇനങ്ങളിൽ ജില്ലാ സെലക്ഷനിൽ പങ്കെടുത്ത് യോഗ്യത നേടിയവർക്ക് മാത്രമേ സോണൽ സെലക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. തായ്കവോണ്ടോ, ജൂഡോ, സ്വിമ്മിങ്, ഖോഖോ, കബഡി, സൈക്ലിംഗ്, ഫെൻസിങ്, ബോക്സിങ്, ആർച്ചെറി, റെസ്ലിങ്, നെറ്റ്ബോൾ, ഹോക്കി, ഹാൻഡ്ബോൾ, സോഫ്റ്റ് ബോൾ (കോളേജ് മാത്രം ), വെയിറ്റ്ലിഫ്റ്റിംഗ് (കോളേജ് മാത്രം ) എന്നീ കായികയിനങ്ങളിലേക്ക് നേരിട്ട് സോണൽ സെലക്ഷനിൽ പങ്കെടുക്കാം. കനോയിങ് ആഴ്റ് കയാക്കിങ്, റോവിങ് കായിക ഇനങ്ങളിൽ ആലപ്പുഴ ജില്ലയിലാണ് സെലക്ഷൻ. എറണാകുളം ജില്ലയിൽ നിന്നുള്ള കായിക താരങ്ങൾക്ക് സ്കൂൾ, പ്ലസ് വൺ ക്ലാസുകളിലേക്ക് ഏപ്രിൽ 20 നും ഒന്നാം വർഷ ഡിഗ്രി ക്ലാസിലേക്ക് ഏപ്രിൽ 21 നും തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ എത്തി സോണൽ സെലെക്ഷനിൽ പങ്കെടുക്കാം.

സെലക്ഷനിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ www.sportscouncil.kerala.gov.in വെബ്സൈറ്റിൽ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം. തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ഫോൺ : 04872332099.

# അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** കെൽട്രോണിൽ മൂന്ന് മാസം മുതൽ ഒരു വർഷംവരെ ദൈർഘ്യമുള്ള വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകൾ: ഡിസിഎ, പിജിഡിസിഎ, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ നെറ്റ്‌വർക്ക് മെയിന്റനൻസ്, ടി ടി സി, വേഡ് പ്രോസസിംഗ് ഡേറ്റാ എൻട്രി. വിവരങ്ങൾക്ക് ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, ടൗൺ അതിർത്തി, കൊല്ലം ഫോൺ: 0474 2731061.



# കോൺ എലിവേറ്റേഴ്സ് ഇന്ത്യയിൽ 40 വർഷം പൂർത്തിയാക്കുന്നു

**കൊച്ചി:** കോൺ കോർപ്പറേഷന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ കോൺ എലിവേറ്റേഴ്സ് ഇന്ത്യ, അതിന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങളുടെ 40ാം വാർഷികം ആഘോഷിക്കുന്നു. 1984ൽ സ്ഥാപിതമായതുമുതൽ, പ്രതിദിനം ദശലക്ഷക്കണക്കിന് ആളുകളെ ചലിപ്പിക്കുന്ന നൂതനവും വിശ്വസനീയവുമായ പരിഹാരങ്ങൾ നൽകിക്കൊണ്ട് ഇന്ത്യയുടെ നഗര ഭൂപ്രകൃതി രൂപപ്പെടുത്തുന്നതിൽ കോൺ പ്രധാന പങ്കുവഹിച്ചുവെന്ന് ' കോൺ ഗ്ലോബൽ പ്രസിഡന്റും സിഇഒയുമായ ഫിലിപ്പ് ഡെലോറം ചടങ്ങിൽ പറഞ്ഞു.

കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി, രാജ്യത്തുടനീളമുള്ള നഗരങ്ങളുടെയും കമ്മ്യൂണിറ്റികളുടെയും വളർച്ചയ്ക്ക് സംഭാവന നൽകിക്കൊണ്ട്, ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു വിശ്വസ്ത പങ്കാളിയാണ് കോൺ എലിവേറ്റേഴ്സ്. പ്രശസ്തമായ അംബരചുംബികളായ കെട്ടിടങ്ങൾ മുതൽ തിരക്കേറിയ ഗതാഗത കേന്ദ്രങ്ങൾ വരെ, കോൺ എലിവേറ്ററുകളും എസ്കലേറ്ററുകളും ഇന്ത്യയുടെ വളർച്ചാ യാത്രയുടെ അവിഭാജ്യ ഘടകങ്ങളായി മാറിയിരിക്കുന്നു.ഈ മഹത്തായ നാഴികക്കല്ല് ആഘോഷിക്കുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഇന്ത്യ എക്കാലവും കോണിന് വളരെ പ്രധാനപ്പെട്ട ഒരു വിപണിയാണ്. മികവിന്റെയും പുതുമയുടെയും ഉപഭോക്തൃ സംതൃപ്തിയുടെയും അശ്രാന്ത പരിശ്രമത്തിലൂടെയാണ് ഞങ്ങളുടെ ഇന്ത്യയിലെ യാത്ര അടയാളപ്പെടുത്തിയതെന്നും ഫിലിപ്പ് ഡെലോറം പറഞ്ഞു.

# സോഡിയാക് പോസിറ്റാനോ 2024 ശേഖരം പുറത്തിറക്കി




**കൊച്ചി:** പ്രമുഖ വസ്ത്ര നിർമ്മാണ കമ്പനിയായ സോഡിയാക് തങ്ങളുടെ പുതിയ പോസിറ്റാനോ 2024 ശേഖരം പുറത്തിറക്കി. ഹാഫ്, ഫുൾ സ്ലീവുകളിൽ സോളിഡുകളിലും സ്ട്രൈപ്പുകളിലും ചെക്കുകളിലും ലഭ്യമായ പോസിറ്റാനോ 2024 ശേഖരം സോഡിയാക് ലിനൻ ജാക്കറ്റുകൾ, ട്രൗസറുകൾ, ബന്ദ്ഗാലകൾ എന്നിവയുമായി ജോടിയാക്കാവുന്നതാണ്. പുതിയ സോഡിയാക് പോസിറ്റാനോ 2024 ശേഖരം സോഡിയാക് ഓൺലൈൻ ഷോപ്പിലും സോഡിയാക് സ്റ്റോറിലും ലഭ്യമാണ്.ലോകത്തിലെ ഏറ്റവും മികച്ച ഗുണനിലവാരമുള്ള ഫ്രാൻസിലെ നോർമണ്ടി മേഖലയിൽ വളരുന്ന ഫ്ളാക്സിൽ നിന്ന് നെയ്തെടുത്ത ലിനനാണ് സോഡിയാക് ഉപയോഗിക്കുന്നതെന്ന് സോഡിയാക് ക്ലോത്തിംഗ് കമ്പനി ലിമിറ്റഡ് വൈസ് ചെയർമാനും എം.ഡി.യുമായ ശ്രീ സൽമാൻ നൂറാനി പറഞ്ഞു.സോഡിയാക്കിന്റെ പോസിറ്റാനോ 2024 ശേഖരത്തിലെ ഷർട്ടുകളുടെ നിറങ്ങൾ ഫ്രഞ്ച് ഫ്ളക്സിൽ നിന്ന് നെയ്ത ലിനൻ തുണിത്തരങ്ങളിൽ ഇറ്റാലിയൻ റിവേരയുടെ നിറങ്ങൾ പ്രദർശിപ്പിക്കുന്നുവെന്നും സൽമാൻ നൂറാനി പറഞ്ഞു.




# സോൾവ് ഫോർ ടുമാറോ ; മൂന്നാം സീസണുമായി സാംസങ്

**കൊച്ചി:** കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ ഫ്ളാഗ്ഷിപ്പ് സിഎസ്ആർ പദ്ധതിയായ സോൾവ് ഫോർ ടുമാറോയുടെ മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. ഫൗണ്ടേഷൻ ഫോർ ഇന്നവേഷൻ ആന്റ് ടെക്നോളജി ട്രാൻസ്ഫർ (എഫ്ഐടിടി), ഐഐടി ഡൽഹി കേന്ദ്ര ഇലക്ട്രോണിക്സ്, വിവര സാങ്കേതിക വിദ്യാ മന്ത്രാലയം, ഇന്ത്യയിലെ ഐക്യരാഷ്ട്രസഭ എന്നിവയുമായി സഹകരിച്ചു കൊണ്ടാണ് ഈ സംരംഭം നടപ്പിൽ വരുത്തുന്നത്. ഇന്ത്യൻ യുവതയിൽ ചിന്താശേഷിയും പ്രശ്നപരിഹാര കഴിവും വളർത്തിയെടുക്കുവാൻ ലക്ഷ്യമിട്ടാണ് സാംസങിന്റെ ഈ പദ്ധതി.  സാംസങ് സൗത്ത്‌വെസ്റ്റ് ഏഷ്യ പ്രസിഡന്റ് & സിഇഒ ജെ.ബി പാർക്കാണ് സോൾവ് ഫോർ ടുമാറോ 2024 ഉദ്ഘാടനം ചെയ്തത്.കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐ ടി മന്ത്രാലയത്തിലെ സീനിയർ ഡയറക്ടർ ഡോക്ടർ സന്ദീപ് ചാറ്റർജി ഇന്ത്യയിലെ ഐക്യരാഷ്ട്രസഭയുടെ റസിഡന്റ് കോഓർഡിനേറ്ററായ  ഷോംബി ഷാർപ്പ് തുടങ്ങിയവർ പങ്കെടുത്തു.

സ്കൂൾ ട്രാക്ക്, യൂത്ത് ട്രാക്ക് എന്നിങ്ങനെ വ്യത്യസ്ത പ്രായത്തിലുള്ളവർക്കായി രണ്ട് പദ്ധതികളാണ് സോൾവ് ഫോർ ടുമാറോ പദ്ധതിയുടെ ഭാഗമായി ഈ വർഷം തയ്യാറാക്കിയിരിക്കുന്നത്. 14 മുതൽ 17 വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്യൂണിറ്റി ആന്റ് ഇൻക്ലൂഷൻ എന്ന തീമിൽ തയ്യാറാക്കിയിരിക്കുന്ന സ്കൂൾ ട്രാക്കിൽ അരികുവത്ക്കരിക്കപ്പെടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. 18 മുതൽ 22 വയസ്സ് വരെ പ്രായമുള്ളവർക്കാണ് യൂത്ത് ട്രാക്ക്. എൻവയോൺമെന്റ് ആന്റ് സസ്റ്റെയിനബിലിറ്റി എന്നാണ് യൂത്ത് ട്രാക്കിന്റെ തീം. കാർബൺ ഫൂട്പ്രിന്റ് കുറക്കുവാനും, പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിരതയ്ക്കുമുള്ള പുത്തൻ ആശയങ്ങൾക്കാണ് യൂത്ത് ട്രാക്കിൽ പ്രാധാന്യം നൽകുന്നതെന്ന്

സാംസങ് സൗത്ത്‌വെസ്റ്റ് പ്രസിഡന്റും സി ഇ ഒയുമായ  ജെ ബി പാർക് പറഞ്ഞു

